


# വിഷുക്കണി

**ജോസ് ചെരിപുറം** (josecheripuram@gmail.com)



വെള്ളിവിളക്ക് കൊളുത്തി കിഴക്കൊരു
പള്ളിത്തേരിൽ വരവായ് പുലരി
തുള്ളിത്തുള്ളിവരുന്നൊരു വെട്ടം
കള്ളിപ്പെണ്ണിൻ പുഞ്ചിരിപ്പോലെ
പട്ടുടയാടയുടുത്തു നഭസ്സൊരു
പിച്ചകമലർക്കുടം വിരിയുമ്പോലെ
പരിമളമിയലും തെന്നലിലൊരു
പുലർകാലത്തിൻ കുളിരല തിങ്ങി
കിങ്ങിണി ചാർത്തി കൊന്നകൾ പൂത്തു
കിന്നരകന്യകൾ തമ്പുരു മീട്ടി
കണികാണനെൻ കരളു തുടിച്ചു
കണ്മണീ നിന്നുടെ മുഖശ്രീയാദ്യം
അരികലണഞ്ഞൊരു നേരം നിന്നുടെ
പുരികക്കൊടിയുടെ മുനയേറ്റമ്പേ
കരളിൽ തേന്മഴ തുടികൊട്ടുന്നു
സിരകളിലൊരു ലഹരി പതഞ്ഞു
കാവിൽ തൊഴുതുമടങ്ങും സുന്ദരി
കനവിൽ വന്നൊരു പുഷ്പിണിയല്ലോ

കണ്ണു തുറക്കുന്നേരം  മുന്നിൽ, പൂത്തൊരു
കൊന്നക്കണിമലർപോലവൾ നിന്നു
ചന്ദനക്കുളിർവിരൽത്തുമ്പാലൊരു
സിന്ദൂരക്കുറി ചാർത്തിയെൻ നെറ്റിയിൽ
ചന്തമഴും നിൻ രൂപമീയെന്നുടെ
ചിന്തയിലൊരു വിഷുക്കണിയായ്

*******